LIBRARY ARCHIVES Kerala Legislative Assembly

## തൊട്ടിൽപ്പാലം - വടകര ചെയിൻ സർവ്വീസ്

359 (2189) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽനിന്നും വടകരയ്ക്ക് ചെയിൻ സർവ്വീസ് ആരംഭിക്കേണ്ട ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ആയത് ആരംഭിക്കാൻ വൈകുന്നതിന്റെ കാരണവും പ്രസ്തുത സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ജനപ്രതിനിധികളിൽനിന്നും സംഘടനകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വടകര - തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസ്സുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കാവുന്നതാണ്.

## ഓട്ടോറിക്ഷകളിൽ മീറ്റർ

360 (2190) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി സവാരി നടത്തുന്ന ഓട്ടോറിക്ഷകളിൽ ഏതെങ്കിലും വിഭാഗത്തിനെ മീറ്റർ ഘടിപ്പിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) ഭൂരിപക്ഷം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിക്കാറില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വസ്തുത പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മീറ്ററുകൾ പ്രവർത്തിപ്പിക്കാതെ ഓടിക്കുന്ന എത്ര ഓട്ടോറിക്ഷകൾക്കെതിരെ കഴിഞ്ഞ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഇല്ല.

(ബി) വാഹന പരിശോധനാ സമയത്ത്, ചില ഓട്ടോറിക്ഷകളിൽ മീറ്റർ പ്രവർത്തിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഓട്ടോറിക്ഷാ സ്റ്റാൻഡുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സർവ്വീസുകളും ചെയ്യുകൊടുക്കുന്നത് ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്ത മീറ്റർ ഘടിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ്. കൂടാതെ വാഹന പരിശോധനാ സമയത്ത് മീറ്റർ പരിശോധന കർശനമാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പരിശോധനയിലും ഫെയർ മീറ്ററിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

(ഡി)

| | |
|---|---|
| തിരുവനന്തപുരം | 71 |
| കൊല്ലം | 261 |
| ആലപ്പുഴ | 115 |
| പത്തനംതിട്ട | 51 |
| കോട്ടയം | 77 |
| തൃശ്ശൂർ | 156 |
| മലപ്പുറം | 120 |
| കോഴിക്കോട് | 32 |
| കണ്ണൂർ | 344 |
| പാലക്കാട് | 110 |
| കാസർഗോഡ് | 56 |
| വയനാട് | 116 |
| എറണാകുളം | 307 |
| ഇടുക്കി | 28 |
| ആകെ | 1844 |